**മധുരമായ കുട്ടികളേ, സ്വയത്തിന്റെ ഉന്നതിക്കുവേണ്ടി അമൃതവേളയിൽ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കൂ, പ്രഭാത സമയം സമ്പാദിക്കാൻ വളരെ വളരെ നല്ലതാണ്.**

**ചോദ്യം:** സദാ സുരക്ഷിതമായിരിക്കുന്നതിന്റെ ആധാരം എന്താണ്? സദാ സുരക്ഷിതമെന്ന് ആരെ പറയാൻ കഴിയും?
**ഉത്തരം:** ബാബയുടെ ശ്രീമതമാണ് സദാ സുരക്ഷിതമാക്കി മാറ്റുന്നത്. ഒരിക്കലും ഒരു തരത്തിലുള്ള ദുഃഖമോ പ്രയാസങ്ങളോ ഉണ്ടാകുകയില്ല. നിങ്ങൾ കുട്ടികൾ ഇത്രയും ഭാഗ്യശാലികളായി മാറുന്നു അതായത് ഒരിക്കലും ഒരു തരത്തിലുള്ള പ്രയാസങ്ങളുണ്ടാകുകയില്ല. നിരോഗി ശരീരമായിരിക്കും. നിങ്ങൾ നിങ്ങളുടെ ഭാഗ്യത്തിന്റെ മഹിമ പാടിക്കൊണ്ടിരിക്കൂ. ആരാണോ എഴുന്നേറ്റും ഇരുന്നും ബാബയുടെ ഓർമ്മയിലിരിക്കുന്നത് - അവരാണ് ഭാഗ്യശാലി കുട്ടികൾ. അവരെ മാത്രമേ സദാ സുരക്ഷിതരെന്ന് പറയാൻ കഴിയൂ.

**ഗീതം:** രാത്രിയിലെ യാത്രക്കാരാ . . . . . .

**ഓം ശാന്തി**. മധുര-മധുരമായ പുരുഷാർത്ഥി കുട്ടികൾക്ക് പാട്ടിന്റെ അർത്ഥം സ്വയം അറിയുമായിരിക്കും, നമ്പർവാർ പുരുഷാർത്ഥമനുസരിച്ച്. ആരാണോ യാത്രയിലിരിക്കുന്നത് അവർക്കേ യഥാർത്ഥത്തിൽ അർത്ഥം മനസ്സിലാക്കാൻ കഴിയൂ. ഈ യാത്രയാണെങ്കിൽ രാത്രിയിലെ യാത്രയാണ്, മറ്റ് ശാരീരിക യാത്രകളെല്ലാം പകലാണ് ചെയ്യാറ്. അമർനാഥിലോ ബദ്രീനാഥിലോ പോകുകയാണെങ്കിൽ പകൽ യാത്ര ചെയ്ത് രാത്രിയിൽ ഉറങ്ങുന്നു. നിങ്ങൾ കുട്ടികളുടെ യാത്രയാണെങ്കിൽ രാത്രിയിലാണ്. പകലാണെങ്കിൽ നിങ്ങൾക്ക് ശരീര നിർവ്വഹണാർത്ഥം ജോലികൾ ചെയ്യേണ്ടി വരുന്നു. പുരുഷന്മാർ ജോലിക്കുപോകുന്നു, അമ്മമാർ വീട് സംരക്ഷിക്കുന്നു. ഏറ്റവും അധികം ഉന്നതി രാത്രിയിലാണുണ്ടാകുന്നത്, അപ്പോൾ എല്ലാ മനുഷ്യരും ഉറങ്ങുന്ന സമയമാണ്. അപ്പോൾ നിങ്ങൾക്ക് വളരെ നല്ല യാത്ര ചെയ്യാൻ കഴിയും. ഭക്തരും അതിരാവിലെ എഴുന്നേറ്റ് ഓർമ്മയിലിരിക്കുന്നു. കുട്ടികൾ തന്റെ ഉന്നതി ഉണ്ടാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബാബ വഴി പറഞ്ഞു തരികയാണ് - ഉറക്കത്തെ ജയിക്കുന്നവരായി മാറൂ. അയ്യായിരം വർഷം മുന്നെയും ഇതു പറഞ്ഞിരുന്നു. ശരി, നേരത്തേയുറങ്ങൂ. പഴമൊഴിയുണ്ട് - നേരത്തേയുറങ്ങണം, നേരത്തേ എഴുന്നേൽക്കണം - ഈ ഗുണം മനുഷ്യരെ വളരെ ശ്രേഷ്ഠമാക്കിമാറ്റുന്നു. ശരിക്കും നിങ്ങൾ എത്ര സമ്പന്നരായി മാറുന്നു, ധനത്തെക്കുറിച്ച് നിങ്ങൾക്ക് യാതൊരു ചിന്തയുമുണ്ടായിരിക്കുകയില്ല! നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് സമ്പത്ത് ലഭിക്കുന്നു ശിവാലയത്തിൽ. ഇവിടെ നിങ്ങൾ ജന്മ-ജന്മങ്ങളിലേക്കുള്ള പുരുഷാർത്ഥം ചെയ്യുന്നു, ഇപ്പോളത്തെ നിങ്ങളുടെ പുരുഷാർത്ഥം 21 ജന്മങ്ങളിലേക്കായി മാറുന്നു. അത്ഭുതമല്ലേ. ഇങ്ങിനെ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നവർ വേറെ ആരുമുണ്ടാകുകയില്ല. അവിനാശിയായ ബാബ അവിനാശിയായ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. ഇവിടെ ധനത്തിനുവേണ്ടി എന്തെല്ലാമാണ് ചെയ്യുന്നത് - അച്ഛൻ കുട്ടികളെയും കുട്ടികൾ അച്ഛനേയും കൊന്നു കളയുന്നു.

നിങ്ങൾക്കിപ്പോൾ അവനാശി ബാബയിൽ നിന്ന് അവിനാശി സമ്പത്തെടുക്കണം, എങ്കിൽ അവിനാശി ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം. വേറേ യാതൊരു പ്രയാസവുമില്ല, കേവലം രണ്ടക്ഷരം മാത്രം. ഇതിനെ മഹാമന്ത്രമെന്ന് പറയപ്പെടുന്നു. അത്രമാത്രം, ഈ രണ്ടക്ഷരം ഓർമ്മിച്ചാൽ നിങ്ങൾക്ക് രാജ്യതിലകം ലഭിക്കുന്നു. ഈ ഓർമ്മയിയിലാണ് ശക്തി. ആര് എത്ര ഓർമ്മിക്കുന്നുവോ അത്രയും. യോഗവും ജ്ഞാനവും. പുരാണങ്ങളിലെ ജ്ഞാനത്തിന്റെ കാര്യം ഇവിടെയില്ല. രണ്ടക്ഷരം ഓർമ്മിക്കാൻ പറഞ്ഞാൽ പറയുന്നു, സമയമില്ല. പറയുന്നു ഞങ്ങൾക്ക് ഓർമ്മിക്കാൻ കഴിയുകയില്ല, ഇടക്കിടക്ക് മറന്നുപോകുകയാണ്. രണ്ടക്ഷരത്തിന്റെ ഓർമ്മ ചെയ്യാൻ കഴിയുകയില്ല! നിങ്ങൾ പാട്ടുകൾ, കവിതകൾ, ഡയലോഗുകൾ ഉണ്ടാക്കുന്നല്ലോ, ഓർമ്മിക്കുകയും ചെയ്യുന്നു, വാസ്തവത്തിൽ അതിന്റെയൊന്നും ഇവിടെ ആവശ്യമില്ല. ഇവിടെയാണെങ്കിൽ മിണ്ടാതെ ഇരിക്കണം. എന്താ നിങ്ങൾക്ക് ബീജത്തേയും വൃക്ഷത്തേയും മനസ്സിലാക്കാൻ കഴിയില്ലേ. ബീജത്തെ കയ്യിലെടുക്കുമ്പോൾ തന്നെ മുഴുവൻ വൃക്ഷവും മുന്നിൽ വരും. ഇതിൽ നാലുയുഗങ്ങളും നാലു വർണ്ണങ്ങളുമുണ്ട്. ഇതെല്ലാം ഓർമ്മയിൽ കൊണ്ടുവരാൻ യാതൊരു പ്രയാസവുമില്ല. സെക്കന്റിൽ സ്വർഗ്ഗത്തിന്റെ രാജ്യപദവി ലഭിക്കുന്നു. കേവലം ഓർമ്മയിലിരിക്കണം. സെക്കന്റിൽ സാക്ഷാൽക്കാരവും ചെയ്യിപ്പിച്ചു കൊടുക്കുന്നു. ആ സമയത്ത് സ്വർഗ്ഗത്തിലോ കൃഷ്ണപുരിയിലോ ഇരിക്കുന്നതുപോലെയായിരിക്കും. കേവലം രണ്ടുകാര്യങ്ങൾ മാത്രം ഓർമ്മയിലുണ്ടാകണം - ഒന്നാമതായി ബാബയുടെ ഓർമ്മ, ഈ ജ്ഞാനം വളരെ ശ്രേഷ്ഠമാണ്, മനുഷ്യനിൽ നിന്ന് ദേവതയാക്കി

മാറ്റുന്നതാണ്. ദേവതകൾ പവിത്രമാണ്. എപ്പോഴും ബ്രഹ്മചര്യത്തിലാണ് ജ്ഞാനം പഠിക്കുന്നത്. പഠിച്ച് വീട് സംരക്ഷിക്കാൻ യോഗ്യരാകുമ്പോൾ വിവാഹം കഴിക്കുന്നു. രചയിതാവാണ് തന്റെ വീട്ടിലുള്ളവരെ സംരക്ഷിക്കുന്നത്, അതുകൊണ്ട് സമ്പാദ്യം വേണമല്ലോ. അതുകൊണ്ട് ബ്രഹ്മചര്യത്തിൽ സമ്പാദ്യം ഉണ്ടാകുന്നു. ഇന്നാണെങ്കിൽ എല്ലാവരും ധനത്തിന്റെ പിന്നാലെയാണ്. അല്പം സമ്പാദ്യമുണ്ടായാൽ വേറെ കോഴ്സ് ചെയ്യുന്നു. ഇപ്പോൾ ബാബ പറയുന്നു – കുട്ടികളേ, ഈ കോഴ്സ് വളരെ സഹജമാണ് ശ്രീമതപ്രകാരം രാത്രിയിൽ ഉണർന്ന് ഈ പ്രാക്ടീസ് ചെയ്യൂ. രാത്രിയിൽ ബുദ്ധികൊണ്ട് യാത്ര ചെയ്യാൻ വളരെ സഹജമാണ്, വളരെ സഹായവും ലഭിക്കും. 2 – 3 മണി സമയത്തെ അമൃതവേള എന്ന് പറയപ്പെടുന്നു. അതി രാവിലെ എഴുന്നേറ്റ് സ്വദർശന ചക്രം കറക്കണം. ഇത് ബുദ്ധിയുടെ ജോലിയാണ്. ബാബയുടെ നിർദ്ദേശമാണ് – നിരന്തരം എന്നെ ഓർമ്മിക്കൂ, എങ്കിൽ നിങ്ങളുടെ വികർമ്മ വിനാശം നടക്കും. അല്ലെങ്കിൽ നിങ്ങൾ സജനിമാരെ എങ്ങിനെ കൊണ്ടുപോകാൻ കഴിയും. നിങ്ങൾ സജനിമാരെല്ലാം പതിതരാണ്, എല്ലാവരുടേയും ചിറക് ഒടിഞ്ഞിരിക്കുകയാണ്. ഇപ്പോൾ കേവലം എന്നെ ഓർമ്മിക്കൂ, എങ്കിൽ പവിത്രമായി മാറും. അതിരാവിലെ എഴുന്നേൽക്കാൻ ശ്രമിക്കൂ. പകൽ സമയം ഓർമ്മയുമുണ്ടാകുകയില്ല, രാത്രി പുരുഷാർത്ഥം ചെയ്യാൻ എളുപ്പമാണ്, സഹായവും ലഭിക്കും. മുഖ്യമായത് ഓർമ്മയാണ്. നിങ്ങൾക്കറിയാം നാം ആത്മാക്കളാണ്, പരമപിതാ പരമാത്മാവാണ് നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. പരമാത്മാവിൽ നിന്ന് പഠിക്കണം. ബാബ അച്ഛനുമാണ്, ബാബയുടേതായി മാറണം. നിങ്ങൾക്കറിയാം നാം ആത്മാക്കൾ വന്ന് ശിവബാബയുമായി കൂടിക്കാഴ്ച നടത്തുകയാണ്. ആത്മാവും പരമാത്മാവും അനേക കാലം വേറിട്ടിരുന്നു . . . .ജീവാത്മാക്കൾ വന്നാണ് ബാബയുമായി കൂടിക്കാഴ്ച നടത്തുന്നത്. അങ്ങിനെയാണെങ്കിൽ പരമാത്മാവിനും ജീവാത്മായി മാറേണ്ടി വരും. ബാബ സുപ്രീം ആത്മാവാണ്. ആത്മാവിന്റേയും പരാത്മാവിന്റേയും രൂപം ഒരേപോലെയാണ്. ഏതുപോലെ നക്ഷത്രങ്ങൾ തിളങ്ങുന്നുവോ, ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ബാബ പറയുന്നു – ഞാനും അഭിനേതാവാണ്. ഞാനും ഡ്രാമയിൽ ബന്ധനസ്ഥനാണ്. ലോകത്തിലുള്ളവർക്കറികയില്ല കല്പ–കല്പം സംഗമയുഗത്തിലല്ലാതെ വേറെ ഒരു സമയത്തും എനിക്ക് വരാൻ കഴിയുകയില്ല. അനേക ആപത്തുകളെല്ലാം വന്നുകൊണ്ടേയിരിക്കുന്നുണ്ട്. ബാബ പറയുന്നു – ഞാൻ വരുന്നത് അപ്പോൾ മാത്രമാണ് എപ്പോളാണ് എല്ലാവരും പതിതമായി മാറുന്നത്. ഞാൻ തന്നെയാണ് പുതിയ ലോകത്തിന്റെ രചയിതാവ്. വരുന്നതും പതിത ലോകത്തിലാണ്. ആത്മാവാണ് ആദ്യം പതിതമായി മാറുന്നത്. ആത്മാവിനറിയാം ഞാൻ മുമ്പെ പാവനമായിരുന്നു, ഇപ്പോൾ പതിതമായി മാറിയിരിക്കുകയാണ്. ഈ ശിക്ഷണം നിങ്ങൾക്കു മാത്രമാണ് ലഭിക്കുന്നത്. നിങ്ങൾക്കാണ് ഈ പാഠം ആദ്യമാദ്യം ലഭിക്കുന്നത്. ടീച്ചറിനുമുന്നിൽ ഏതുകുട്ടികളാണോ ഇരിക്കുന്നത് അവർക്കാണ് ശിക്ഷണം ലഭിക്കുന്നത്. നിങ്ങൾക്ക് ഈ പാഠം ആദ്യമാദ്യം ലഭിക്കുന്നു – ഈ വികാരങ്ങളുടെ മുകളിൽ വിജയം പ്രാപ്തമാക്കൂ. യോഗാഗ്നികൊണ്ട് വികാരങ്ങളെ ഭസ്മീകരിക്കൂ. ഈ വിഷമാണ് (വികാരങ്ങൾ) നിങ്ങളെ ശവക്കുഴിയിലാക്കിയത്, ഇതിനെ വിഷമെന്നാണ് (പോയ്സൺ) പറയപ്പെടുന്നത്. ജ്ഞാന അമൃതം കൊണ്ട് നിങ്ങൾ പവിത്രമായി മാറുന്നു.

ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം, വളരെ സഹജമായ കാര്യമാണ്. ചില കുട്ടികൾ പറയാറുണ്ട് – ബാബാ, ധാരണയുണ്ടാകുന്നില്ല, വലിയ സഹോദരിമാരെപ്പോലെ പറഞ്ഞുകൊടുക്കാൻ കഴിയുന്നില്ല. ബാബ പറയുന്നു – കുട്ടികളേ, ഇത് ഓരോരുത്തരുടേയും കർമ്മക്കണക്കുകളാണ്. ചിലർക്കാണെങ്കിൽ 25–30 വർഷമായിട്ടും ധാരണ ചെയ്യാൻ കഴിയുന്നില്ല. നിങ്ങൾ ആത്മാക്കളുടെ അച്ഛൻ പരമാത്മാവാണ്, സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ബാബ സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ വേണ്ടിത്തന്നെയാണ് വന്നിരിക്കുന്നത്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ. തന്റെ കുട്ടികളേയും മിടുക്കന്മാരാക്കണം. നിങ്ങൾ കുട്ടികൾക്ക് ആദ്യം കരുണ കാണിക്കണം – തന്റെ കുട്ടികളുടെ മുകളിൽ. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു നാം ഇപ്പോൾ നമ്മുടെ *ഏറ്റവും പ്രിയങ്കരനായ* പരമപിതാ പരമാത്മാവിന്റെ സന്മുഖമിരിക്കുകയാണ്. കല്പം മുന്നെയും നാം നിരാകാരനായ ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്തെടുത്തിരുന്നു. ബാബ പറയുന്നു – എനിക്കും ഈ ശരീരത്തെ കടമെടുക്കേണ്ടി വരുന്നു. വാടകക്കിരിക്കുകയാണ്. തന്റേതായിട്ടില്ലെങ്കിൽ വാടകക്ക് എടുക്കണമല്ലോ. ഈ രഥത്തിലാണ് കല്പ–കല്പം രഥിയായി വരുന്നത്. രഥത്തിൽ രഥി കണ്ടുകൊണ്ടിരിക്കുകയാണ്. മുമ്പ് ഗീത വായിച്ചിരുന്നപ്പോൾ ഒന്നും മനസ്സിലായിരുന്നില്ല. എവിടെയാണ് ആ അർജ്ജുനനേയും കുതിരേയും രഥത്തിനേയുമെല്ലാം കാണിച്ചിരിക്കുന്നത്. നിങ്ങളുടെ അച്ഛനാണ് രഥി, കുട്ടികളോട് പറയുകയാണ് അച്ഛനാകുന്ന എന്നെ ഓർമ്മിക്കൂ, ചാർട്ടും വെക്കൂ. ഇങ്ങിനെയുള്ള പ്രിയതമനെ, ആരാണോ 21 ജന്മം സുഖം നൽകുന്നത് എന്തുകൊണ്ട് ഓർമ്മിക്കാതിരിക്കണം. എന്നാൽ ഇത് ഗുപ്തമാണ്. ഇപ്പോൾ ബാബ പറയുന്നു – സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്ത്, ബാബയുടെ ശ്രീമത പ്രകാരം നടക്കണം, എന്നാൽ മായ ഇതിൽ വളരെ ശല്യം ചെയ്യുന്നു. മായയും ഒട്ടും മോശമായ ടീച്ചറല്ല. നല്ല നല്ല കുട്ടികളുടെ മുകളിലും വിജയം പ്രാപ്തമാക്കുന്നു. ബാബ സ്വർഗ്ഗത്തിന്റെ

അധികാരിയാക്കിമാറ്റുന്നു, മായ ചണ്ഡാലന്റെ ജന്മമെടുപ്പിക്കുന്നു, കാരണം ശ്രീമതം വിടുന്നു. ഇവിടെ കുട്ടികൾക്കറിയാം നമ്മെ ഭഗവാൻ പഠിപ്പിക്കുകയാണ്. നിങ്ങൾ ഈശ്വരീയ വിദ്യാർത്ഥികളാണല്ലോ. വേറെ കോഴ്സ് എടുക്കുകയാണെങ്കിലും ടീച്ചറെ ഓർമ്മിക്കണമല്ലോ. ബാബ പറയുന്നു – ഗൃഹസ്ഥ വ്യവഹാര ത്തിലിരുന്നുകൊള്ളൂ, പക്ഷെ സദാ സുഖിയായിരിക്കാൻ ഒപ്പം തന്നെ വേറെ കോഴ്സും എടുക്കൂ. ഞാൻ നിങ്ങൾക്ക് അളവറ്റ സമ്പത്ത് നൽകുന്നു, നിങ്ങൾക്ക് 21 ജന്മം ഒരിക്കലും ദുഃഖമുണ്ടാകുകയില്ല. നിങ്ങളെ പ്പോലെ ബുദ്ധിശാലികൾ ഈ സൃഷ്ടിയിൽ ആരും തന്നെയില്ല. പ്രസിഡന്റ് മുതലായവരുടെ എത്ര മഹി യാണ് പാടുന്നത്. എന്നാൽ നിങ്ങൾ വളരെ അത്ഭുതകരമായ അറിയപ്പെടാത്ത വളരെ വലിയ അതോറിറ്റി യാണ്. നിങ്ങളെപ്പോലെ നോളേജ്ഫുൾ ഈ ലോകത്തിൽ ആരും തന്നെയില്ല. ഇപ്പോൾ നിങ്ങൾ കുട്ടി കൾക്കറിയാം നാം ഭാരതത്തെ സ്വർഗ്ഗമാക്കിമാറ്റി 21 ജന്മത്തേയ്ക്ക് സ്വർഗ്ഗത്തിന്റെ അധികാരികളായി മാറി ക്കൊണ്ടിരിക്കുകയാണ്. ജഗദംബക്ക് എത്ര വലിയ പ്രാപ്തിയാണ്. അവരും ഈ മഹാമന്ത്രമാണ് നൽകു ന്നത് – ശിവബാബയെ ഓർമ്മിക്കൂ. ബാബ സന്മുഖം പറയുന്നു – ഓമനമക്കളെ നിങ്ങളെന്നെ ഓർമ്മിക്കൂ. ഈ യാത്ര ഒരിക്കലും മറക്കരുത്. സമയം വ്യർത്ഥമാക്കിക്കളയരുത്. ഇത് വളരെ വലിയ സമ്പാദ്യമാണ്. ബുദ്ധിയോഗം അവിടെ വെക്കണം. നാം ശിവബാബയുടെ സന്മുഖമാണ്. ബാബയുടെ വീട്ടിൽ വന്നിരി ക്കുകയാണ്. ഇപ്പോൾ നിങ്ങൾ ഹരിയുടെ വാതിൽക്കലിരിക്കുകയാണ്. ഹരി പരമാത്മാവ് സ്വയം ഇവിടെ ഇരിക്കുന്നു. അവിടെയാണെങ്കിൽ വെള്ളമാണ്. ഇതാണ് സത്യം സത്യമായ ഹരിദ്വാർ. ഹർ, ഹർ അർത്ഥം ദുഃഖം ഹരിക്കുന്നവൻ. ഇവിടെ ആ ദുഃഖ ഹർത്താവ് നിങ്ങളുടെ സന്മുഖം ഇരിക്കുന്നു. ഭക്തർ പോയി ഗംഗാ തീരത്തിരിക്കുന്നു, കരുതുന്നു ഗംഗാ തീരത്തിരിക്കണം, ഗംഗാ ജലം വായിലുണ്ടാകണം. ആരെങ്കിലും മരിക്കുന്ന സമയത്ത് ഗംഗാജലം കുടിപ്പിക്കുന്നു. പക്ഷെ ഗംഗ പതിത പാവനിയൊന്നുമല്ല. പതിത പാവ നൻ ഒരേയൊരു ശിവബാബ മാത്രമാണ്. ഓരോരുത്തർക്കും ആ ശിവബാബയെ ഓർമ്മിക്കണം. അവ സാന സമയം സ്വയം ശിവബാബയുടെ ഓർമ്മയിൽ ശരീരം വിടണം. ഇപ്പോൾ നമുക്ക് ശിവബാബയുടെ പക്കൽ മുക്തിധാമിൽ പോകണം. നിർവ്വാണ ധാമിൽ നിരാകാര ആത്മാക്കൾ ബ്രഹ്മ തത്വത്തിൽ വസിക്കു ന്നു. നിങ്ങളിപ്പോൾ വന്ന് ഹരിയുടെ കവാടത്തിൽ ഇരിക്കുകയാണ്. ദുഃഖത്തെ ഹരിക്കുന്നവൻ ഒരേയൊ രാളാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശിവബാബയേയും മധുരമായ വീടിന്റേയും ഓർമ്മ വരും. ബാബ വന്നിരിക്കുകയാണ് തന്റെ വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ. ഇപ്പോൾ ശിവബാബയുടെ മധുര മായ വീടിനെ ഓർമ്മിക്കണം. ഇവിടെയാണെങ്കിൽ മധുരമായ ഒന്നും തന്നെയില്ല.

ഇപ്പോൾ ബാബ കുട്ടികളോട് പറയുന്നു – പരിധിയില്ലാത്ത രാജ്യപദവി എടുക്കണമെങ്കിൽ രാത്രിയിൽ എഴുന്നേറ്റ് ഓർമ്മയിലിരിക്കൂ. ഞാൻ വരുന്നത് തന്നെ ഘോരമായ ഇരുട്ടിലാണ്. ബ്രഹ്മാവിന്റെ രാത്രി പൂർത്തിയായി പകൽ വരണം. ഞാൻ വരുന്നത് പരിധിയില്ലാത്ത രാത്രിയുടേയും പരിധിയില്ലാത്ത പകലി ന്റെയും സംഗമത്തിലാണ്. അതുകൊണ്ട് നിങ്ങളും രാത്രിയിൽ ഉറക്കത്തെ ജയിച്ച് ഓർമ്മയിലിരിക്കുന്ന തിന്റെ അഭ്യാസം ചെയ്യൂ. 2 – 3 മണി സമയത്തെ ബ്രഹ്മ മുഹൂർത്തമെന്ന് പറയപ്പെടുന്നു. ബാബ പഠിപ്പി ക്കുന്നത് ബ്രഹ്മാവിലൂടെയാണ്. രാത്രിയിലെഴുന്നേറ്റ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ പക്കയായി മാറും. മായ വളരെ ശല്യപ്പെടുത്തും, എന്നാലും പരിശ്രമം ചെയ്യണം. ഇതിൽ പരിശ്രമം മുഴുവൻ ബുദ്ധിയുടേ താണ്. ഇരുന്നും എഴുന്നേറ്റും, നടന്നും ബാബയുടെ ഓർമ്മയിലിരിക്കണം. ബാബ പറയുകയാണ് – രാത്രിയിലെ യാത്രക്കാരാ, ക്ഷീണിച്ചു പോകരുത്. എല്ലാവരുടെയും ഭാഗ്യം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുക യാണ്. നിങ്ങളുടെ ഭാഗ്യം ഇപ്പോൾ ഉണർന്നുകൊണ്ടിരിക്കുകയാണ്, മറ്റുള്ളവരുടെ ഉറങ്ങിക്കൊണ്ടിരി ക്കുകയാണ്. ആരുടെ ബുദ്ധിയോഗമാണ് ഇപ്പോൾ ധനം സമ്പാദിക്കുന്നതിൽ മുഴുകിയിരിക്കുന്നത്, അവ രുടെ ഭാഗ്യം ഉറങ്ങിക്കൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കിക്കൊള്ളൂ. നിങ്ങളുടെ ഭാഗ്യം ഉണർന്നുകൊ ണ്ടിരിക്കുകയാണ്. വയറിന് കഴിക്കാൻ അധികമൊന്നും വേണ്ടല്ലോ. പാവപ്പെട്ടവർ എന്താണ് കഴിക്കു ന്നത്? മുളകുപൊടിയും ചോളപ്പൊടിയും കൂട്ടിക്കുഴച്ച് റൊട്ടിയുണ്ടാക്കിക്കഴിക്കുന്നു. ഇവിടെയാണെ ങ്കിൽ നിങ്ങൾക്ക് എല്ലാം ലഭിക്കുന്നു. നിങ്ങൾക്ക് വളരെ സാധാരണക്കാരെപ്പോലെ കഴിയണം. വളരെ ഉയർന്ന നിലയിലോ, വളരെ താഴ്ന്ന നിലയിലോ ആകരുത്. ഇപ്പോൾ ബാബ പറയുന്നു – അല്ലയോ ഓമ നകളേ, എന്നെ ഓർമ്മിക്കൂ. ഞാൻ നിങ്ങളെ കൺപോളകളിൽ വെച്ച് കൊണ്ടുപോകുന്നു. എന്റെ കൺമ ണികളാണ്. അവരെ വളരെയധികം സ്നേഹിക്കുന്നു. ശ്രീമതപ്രകാരം നടക്കുകയാണെങ്കിൽ സദാ സുര ക്ഷിതമായിരിക്കും. സദാ സുഖിയായിരിക്കുന്നതിന്റെ അർത്ഥവും വളരെ വലുതാണ്. നിങ്ങൾക്ക് യാതൊരു പോറലുപോലുമേൽകുകയില്ല, യാതൊരു വിഷമങ്ങളുമുണ്ടാകുകയില്ല. നിങ്ങളെ അത്രക്കും സുരക്ഷിത രാക്കുന്നു. ശരീരം നിരോഗിയായിരിക്കും. കാലന് അവിടെ വരാൻ കഴിയുകയില്ല. നല്ല രീതിയിൽ ഓർമ്മി ക്കുകയാണെങ്കിൽ സഹായം ലഭിക്കും. ആരാണോ കല്പം മുന്നെ പുരഷാർത്ഥം ചെയ്ത് തന്റെ ഭാഗ്യമു ണ്ടാക്കിയിരുന്നത്, അവർ വീണ്ടും ചെയ്യും. സാക്ഷിയായി കാണുകയാണ് – ഈ കുട്ടി ഇൻഷ്വർ ചെയ്യു ന്നുണ്ടോ? ബാബ ഭക്തി മാർഗ്ഗത്തിലും ഇൻഷ്വറൻസ് ചെയ്യുന്നതിൽ പ്രമുഖനായിരുന്നു. ഈശ്വരാർത്ഥം

എടുത്തുവെക്കുന്നു. ദരിദ്രർക്ക് ഗുപ്തമായി ദാനം നൽകുന്നു. ആർക്കെങ്കിലും വിവാഹം കഴിപ്പിച്ചുകൊടുക്കണമെങ്കിൽ ഗുപ്തമായി ദാനം നല്കുന്നു. ഗുപ്ത ദാനത്തിന്റെ ഫലവും അങ്ങിനെതനത്തനെ ലഭിക്കുന്നു. ഷോ കാണിക്കുകയാണെങ്കിൽ പകുതി ശക്തി നഷ്ടമാകുന്നു. പ്രമുഖനെന്ന് ബാബയെയാണ് പറയുന്നത്, നിങ്ങൾ ബാബയുടെ പക്കലാണ് ഇൻഷ്വർ ചെയ്യുന്നത്. ആര് എങ്ങിനെ ഇൻഷ്വർ ചെയ്യുന്നുവോ അങ്ങിനെ ഫലവും ലഭിക്കുന്നു. പാപം ചെയ്യുകയാണെങ്കിൽ അതിന്റെ ശിക്ഷയും ലഭിക്കുന്നു. പുണ്യകർമ്മങ്ങൾക്ക് നല്ല ഫലം ലഭിക്കുന്നു. അവരെല്ലാം പരിധിയുള്ള പരോപകാരികളാണ്. സമ്പാദ്യത്തിൽ നിന്ന് 8 അണ, 4 അണ എടുത്തുവെക്കുന്നു. നിങ്ങൾക്കിപ്പോൾ പൂർണ്ണമായും പരോപകാര തൽപരരായിരിക്കണം. പൂർണ്ണമായും ഇൻഷൂർ ചെയ്യണം. നോക്കൂ, മമ്മ കേവലം ശരീരവും മനസ്സും മാത്രമാണ് ഇൻഷൂർ ചെയ്ത്. കന്യകമാരുടെ പക്കൽ ധനം ഉണ്ടാകുകയില്ലല്ലോ. അവർക്ക് അങ്ങിനെ ചിന്തിക്കേണ്ട കാര്യമേയില്ല. അവർ ശരീരം കൊണ്ടും മനസ്സുകൊണ്ടും സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. കന്യകമാർ ഒന്നാം നമ്പറിൽ വരുന്നു. ബാബ അധർകുമാരനായിരുന്നു. ശരിയാണ്, ചില കുമാരന്മാരും വരുന്നുണ്ട്. വിവാഹത്തിനു ശേഷവും പവിത്രമായിരുന്നുകാണിക്കുന്നു എങ്കിൽ മഹാ ഭാഗ്യം തന്നെ. അവർക്ക് വളരെ ഉയർന്ന പദവി പ്രാപ്തമാക്കാൻ കഴിയും. ബാബ മനസ്സിലാക്കിത്തരികയാണ് കർമ്മങ്ങളുടെ കണക്കുകളും ഇവിടെ അവസാനിപ്പിക്കണം. മമ്മക്കും ബാബക്കുപോലും കർമ്മക്കണക്കുകൾ അനുഭവിക്കേണ്ടിവരുന്നു. ബാക്കിയുള്ള കണക്കുകൾ ഇവിടെത്തന്നെ തീർക്കണം. അല്ലാതെ ഇങ്ങിനെയല്ല, ഈശ്വരന്റേതായി മാറി, പിന്നെ എന്തുകൊണ്ട് രക്ഷ ചെയ്യുന്നില്ല. അല്ല, കർമ്മക്കണക്കുകൾ ഇവിടെത്തന്നെ അനുഭവിച്ച് തീർക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. ബുദ്ധിയോഗം കൊണ്ട് സത്യമായ യാത്ര ചെയ്യണം. വിനാശി ധനത്തിനു പിന്നാലെ പോയി തന്റെ ഭാഗ്യത്തെ കളയരുത്. സത്യമായ സമ്പാദ്യം ചെയ്യണം.

2. ശരീരം–മനസ്സ്–ധനം എന്നിവകൊണ്ട് പൂർണ്ണമായും ഫിലാൻത്രോപ്പിസ്റ്റാകണം (മഹാദാനി). തന്റെ സർവ്വതും 21 ജന്മത്തേയ്ക്ക് ഇൻഷൂർ ചെയ്യണം.

## വരദാനം:– ദിവ്യബുദ്ധിയുടെ ബലത്തിലൂടെ പരമാത്മാ ടച്ചിങ്ങിന്റെ അനുഭവം ചെയ്യുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

ദിവ്യബുദ്ധിയെ ബുദ്ധിബലമെന്ന് പറയുന്നു. ഈ ബുദ്ധിബലത്തിലൂടെ തന്നെയാണ് ബാബയിൽ നിന്ന് സർവ്വശക്തികളും പിടിച്ചെടുത്ത് മാസ്റ്റർ സർവ്വശക്തിവാനായി മാറുന്നത്. സയൻസ് ബുദ്ധിബലമാണ് പക്ഷെ അത് ലൗകിക ബുദ്ധിയാണ്, അതിലൂടെ ഈ ലോകത്തെ സംബന്ധിച്ചോ പ്രകൃതിയെ സംബന്ധിച്ചോ മാത്രമേ ചിന്തിക്കാൻ സാധിക്കൂ. താങ്കളുടെ കൈവശം ദിവ്യബുദ്ധിയുടെ ബലമുണ്ട്, അത് പരമാത്മാ പ്രാപ്തിയുടെ അനുഭൂതി ചെയ്യിപ്പിക്കുന്നു. ദിവ്യബുദ്ധി മുഖേന ഓരോ കർമ്മത്തിലും പരമാത്മാ ശുദ്ധ ടച്ചിങ്ങിന്റെ അനുഭൂതി ചെയ്ത് സഫലതയുടെ അനുഭവം ചെയ്യാൻ സാധിക്കുന്നു. ദിവ്യബുദ്ധിയുടെ ബലത്തിലൂടെ മായയുടെ യുദ്ധത്തെ തോൽപ്പിക്കാൻ സാധിക്കുന്നു.

## സ്ലോഗൻ:– മാസ്റ്റർ ജ്ഞാനസൂര്യനായി മാറി സർവ്വർക്കും ലൈറ്റ്–മൈറ്റ് കൊടുക്കുന്നർ തന്നെയാണ് സത്യമായ സേവാധാരി.